## വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി ജില്ലാ കോ-ഓർഡിനേറ്റർമാരുടെ കരാർ നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ

1) അപേക്ഷകരുടെ യോഗ്യത - അംഗീകൃത സർവ്വകലാശാല ബിരുദം, കലാസാംസ്കാരിക രംഗത്ത് 3 വർഷത്തെ പ്രവൃത്തി പരിചയം
2) അപേക്ഷകരുടെ ഉയർന്ന പ്രായപരിധി 40 വയസ്സ് (പ്രായപരിധി കണക്കാക്കുന്നത് 2024 ജനുവരി 1 വച്ചായിരിക്കും)
3) അപേക്ഷകരുടെ കൃത്യമായ ഇ-മെയിൽ വിലാസവും മൊബൈൽ നമ്പരും നൽകുക. ഇവ രണ്ടുമാണ് അപേക്ഷകരുമായി ബന്ധപ്പെടാൻ ഉപയോഗിക്കുക.
4) പാസ്പോർട്ട് സൈസ് ഫോട്ടോ, ഒപ്പ് വെയ്ക്കാത്ത അപേക്ഷകൾ, നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപക്ഷകൾ, വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
5) വജ്രജൂബിലി ഫെല്ലോഷിപ്പ് ജില്ലാ കോ-ഓർഡിനേറ്റർമാരുടെ അപേക്ഷകൾ ഓൺ ലൈനായി ഗൂഗിൾ ഫോം മുഖേന അപേക്ഷിക്കണം. മറ്റ് മാർഗ്ഗേനയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.
6) ഇ-മെയിൽ വഴി ലഭിക്കുന്ന അപേക്ഷകളോ, തയ്യാറാക്കിയ അപേക്ഷകളുടെ ഫോട്ടോ കോപ്പിയോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
7) അപേക്ഷ സംബന്ധിച്ച സംശയ നിവാരണത്തിന് പ്രവർത്തി ദിനങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ 0471 2478193 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.
8) പാസ്പോർട്ട് സൈസ് ഫോട്ടോ - JPG/JPEG ഫോർമാറ്റിലുള്ളതും, 3.5 സെ.മീ. (വീതി) x 4.5 സെ.മീ. (ഉയരം) ഉള്ളതും ഫയൽ സൈസ് 200 kb യിൽ അധികരിക്കാത്തതുമായ ഇമേജ് മാത്രമെ അപ് ലോഡ് ചെയ്യാവൂ. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം.
9) സിഗ്നേച്ചർ - JPG/JPEG ഫോർമാറ്റിലുള്ളതും, 6 സെ.മീ. (വീതി) x 3 സെ.മീ. (ഉയരം) ഉള്ളതും ഫയൽ സൈസ് 200 kb യിൽ അധികരിക്കാത്തതുമായ ഇമേജ് മാത്രമെ അപ് ലോഡ് ചെയ്യാവൂ. ഒപ്പ് ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം.
10) Pdf ഫോർമാറ്റിൽ അപ് ലോഡ് ചെയ്യേണ്ട സർട്ടിഫിക്കറ്റുകൾ
    1) വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
    2) ആധാർ കാഡിന്റെ പകർപ്പ്
    3) യോഗ്യത സർട്ടിഫിക്കറ്റ്
    4) പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ്
11) JPG/JPEG ഫോർമാറ്റിൽ അപ് ലോഡ് ചെയ്യേണ്ട ഇമേജുകൾ
    1) പാസ്പോർട്ട് സൈസ് ഫോട്ടോ
    2) ഒപ്പ്